# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2763

14/02/2013-ൽ മറുപടിയ്ക്ക്

## വരൾച്ച നേരിടാൻ കേന്ദ്രം അനുവദിച്ച സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങൾ വരൾച്ചബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനമാകെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) കേരളത്തിലെ വരൾച്ചാ മേഖലകൾ സന്ദർശിക്കാൻ കേന്ദ സംഘം വന്നിരുന്നുവോ; | ബി) വന്നിരുന്നു. |
| സി) എങ്കിൽ കേന്ദ്ര സംഘം എത്ര തവണ ഏതൊക്കെ പ്രദേശങ്ങൾ സന്ദർശിച്ച്<br><br>ആരിൽനിന്നെല്ലാം വിശദാംശങ്ങൾ ശേഖരിച്ചതെന്ന് വിശദ മാക്കാമോ ; | സി) കേരളത്തിലെ വരൾച്ചയെക്കുറിച്ച് പഠിക്കാൻ 9 അംഗ കേന്ദ്രസംഘം 16/10/2012-മുതൽ 18/10/2012 വരെ കേരളം സന്ദർശിക്കുകയുണ്ടായി.. കേന്ദ്ര സംഘം എറണാകുളം (16/10/2012) കോഴിക്കോട്, വയനാട്, ഇടുക്കി (17/10/2012), കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം (18/10/2012) എന്നീ ജില്ലകൾ സന്ദർശിച്ചു. വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപള്ളി ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, മറയൂർ തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത്, നാവായിക്കുളം, നഗരൂർ എന്നീ സ്ഥലങ്ങളിലെ കർഷകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി സംസാരിക്കുകയും തെളിവെടുക്കുകയും ചെയ്തു. കേന്ദ്ര സംഘ |

| | | | |
|---|---|---|---|
| | | | ത്തിന്റെ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വരൾച്ചാ ബാധിത മേഖലകൾക്ക് **1995 കോടി രൂപയുടെ** കേന്ദ്ര സഹായത്തിനായി മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ഡി) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസംഘം എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചതെന്ന് വിശദമാക്കാമോ ; | ഡി) | കേന്ദ്രസംഘം സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| ഇ) | സംസ്ഥാനത്ത് വരൾച്ച നേരിടാൻ കേന്ദ്രസംഘം ഇതിനകം എത്ര സാമ്പത്തിക സഹായം അനുവദിച്ചെന്ന് വിശദമാക്കാമോ ? | ഇ) | ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**